ഉത്തരം

(എ). നൽകിയിരുന്നു.

(ബി) ഇല്ല.

(സി, ഡി) 1981-ലെ സെൻസസ് അനുസരിച്ച് 15,000-ൽ അധികം പട്ടികജാതിയിൽപ്പെട്ടവർ താമസിക്കുന്ന ബ്ലോക്കുകളിൽ മാത്രമേ ഇപ്പോഴം ബിസിനസ് ലോൺ നൽകുന്ന മാർജിൻ മണി പദ്ധതി നടപ്പിലാക്കുന്നുള്ളു. വെള്ളനാട് ബ്ലോക്കിൽ പട്ടികജാതിക്കാർ 15,000-ൽ കുറവാണ്. അതു കൊണ്ടാണ്, ഈ ബ്ലോക്കിലെ അപേക്ഷകരുടെ കാര്യം പരിഗണിക്കപ്പെടാതിരുന്നത്.

(ഇ) പട്ടികജാതിയിൽപ്പെട്ടവരുടെ ജനസംഖ്യ 15,000-ത്തിൽ കുറവായുള്ള ബ്ലോക്കുകളിലും മാർജിൻ മണി പദ്ധതി നടപ്പാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട്

366. [550] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്പെഷ്യൽ റിക്രൂട്ടുമെന്റിനു പഠനം നടത്തുവാൻ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സമുദായാംഗങ്ങൾക്ക് സർക്കാർ—പൊതുമേഖലാസ്ഥാപനങ്ങളം എന്നിവയിലെ ഉദ്യോഗനിയമനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സംവരണം ലഭിച്ചിട്ടുണ്ടോ എന്നു പഠിച്ചു സർക്കാരിന് റിപ്പോർട്ടു സമർപ്പിക്കുവാൻ ശ്രീ. സുന്ദരേശൻ എന്ന ഐ. എ എസ്. ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായി. അദ്ദേഹം റിപ്പോർട്ടു സർക്കാരിനു സമർപ്പിച്ചുകഴിഞ്ഞു. സ്പെഷ്യൽ റിക്രൂട്ടുമെന്റിനെക്കുറിച്ചുള്ള പഠനം നടത്തുവാൻ പ്രസ്തുത സ്പെഷ്യലാഫീസറെ ചുമതലപ്പെടുത്തിയിരുന്നില്ല.

പ്രതിമകം സ്ഥാപിക്കുന്നതിന് നിയന്ത്രണം

367. [551] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാക്കളുടെയും നേതാക്കളുടെയും പ്രതിമകം സ്ഥാപിക്കുന്നതിന് ചില നിയന്ത്രണങ്ങൾ കൊണ്ടുവരുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പെൻഷൻ വയസ് ഉയർത്തുവാൻ നടപടി

368. [552] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ വയസ് ഉയർത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പെൻഷൻപ്രായം ഉയർത്തുന്നതിനുള്ള ആലോചനകളൊന്നും (തൽക്കാലം) ഗവൺമെന്റിന്റെ പരിഗണനയിലില്ല.

സ്വകാര്യമേഖലയിൽ ജില്ലാ ആസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന വിമാന സർവ്വീസുകൾ

369. [553] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിൽ വിവിധജില്ലാ ആസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന വിമാന സർവ്വീസ് തുടങ്ങാനുള്ള അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ ;

(സി) ഇത്തരം ഒരു സർവ്വീസ് കെ. ടി. ഡി. സി. യെ കൊണ്ട് നടത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്പോൾ അങ്ങനെ യാതൊരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

അർണ്ണോസ് പാതിരി

370. [554] ശ്രീ ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർണ്ണോസ് പാതിരിയെ ആർഷഭാരത സംസ്കാരത്തിന്റെ വിദേശങ്ങളിലെ പ്രഥമപ്രചാരകനായി പ്രഖ്യാപിക്കുക, യൂറോപ്പിൽ പ്രസിദ്ധം ചെയ്ത സംസ്കൃത വ്യാകരണം കേരളത്തിൽ ലഭ്യമാക്കുക, തലസ്ഥാനത്ത് പാതിരിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം വേലൂരിലെ ഒരു സംഘം യുവാക്കൾ ബഹുമാനപ്പെട്ട ഗവർണർക്ക് അടുത്ത കാലത്ത് നൽകിയത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടികൾ എടുത്തു ?

ഉത്തരം

(എ) സംസ്ഥാന മന്ത്രിമാർക്ക് ഒരു നിവേദനം കിട്ടിയിട്ടുണ്ട് ;

(ബി) നിവേദനത്തിന്റെ പകർപ്പ് കേരളത്തിലെ സർവ്വകലാശാലകൾക്കും സംസ്കൃത സർവ്വകലാശാല സ്പെഷ്യൽ ആഫീസർക്കും ആവശ്യമായ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly